കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1460 — 31.10.2019 -ൽ മറുപടിയ്ക്ക്

## കോട്ടയ്ക്കൽ മിനി സിവിൽ സ്റ്റേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : | ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കോട്ടയ്ക്കൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനുവേണ്ടി 2019-2020 ബജറ്റിൽ ഇരുപത് ശതമാനം തുക നീക്കിവെച്ചതിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പും ജില്ലാ കളക്ടറും സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) കോട്ടയ്ക്കൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ റിക്വിസിഷൻ പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടില്ല. |
| (ബി) പ്രസ്തുത സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ആവശ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ടോ; ഇതിന്റെ മേൽനോട്ട ച്ചുമതല ആർക്കെങ്കിലും കളക്ടർ നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) കോട്ടയ്ക്കൽ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥത യിലുള്ള ഭൂമിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം അനുയോജ്യമാണോ എന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് പരിശോധിച്ചു വരികയാണ്. |
| (സി) ഭരണാനുമതി ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (സി) ഭരണാനുമതിക്ക് വേണ്ടിയുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ